ഉത്തരം

(എ) ആന്റ് (ബി) താഴെപ്പറയുന്നവയാണ് കേരളത്തിലെ ദേശീയപാതകൾ:

ക്രമ നമ്പർ	നമ്പർ	പേര്	ദൈർഘ്യം കി.മീ.
1	എൻ.എച്ച്.-17	മംഗലാപുരം-ഇടപ്പള്ളി	420.777
2	എൻ.എച്ച്-47	സേലം-കളിയിക്കാവിള	416.800
3	എൻ.എച്ച്.-47(എ)	വെല്ലിംഗ്ടൺ ഐലന്റ്-കുണ്ടന്നൂർ	5.920
4	എൻ.എച്ച്.-49	മധുര-കുണ്ടന്നൂർ	167.600
5	എൻ.എച്ച്.-208	കൊല്ലം-പുനലൂർ	81.280
6	എൻ.എച്ച്.-212	കോഴിക്കോട്-മൈസൂർ	119.600
7	എൻ.എച്ച്.-213	കോഴിക്കോട്-പാലക്കാട്	125.300
8	എൻ.എച്ച്.-220	കൊല്ലം-കുമളി	210
		ആകെ ദൈർഘ്യം	1547.277

(സി) കണ്ണൂർ, തലശ്ശേരി, കൊയിലാണ്ടി, കോഴിക്കോട്, ചാലക്കുടി, തൃശ്ശൂർ, തൃപ്പൂണിത്തുറ, കൊച്ചി, മൂവാറ്റുപുഴ, കോതമംഗലം, ആലപ്പുഴ, കൊല്ലം, ആറ്റിങ്ങൽ, തിരുവനന്തപുരം എന്നീ നഗരങ്ങളിൽ ബൈപ്പാസുകൾ നിർമ്മിക്കുന്നുണ്ട്.

(ഡി) കണ്ണൂർ, പാലക്കാട്, ചാലക്കുടി, തൃപ്പൂണിത്തുറ, മൂവാറ്റുപുഴ, കോതമംഗലം, ആറ്റിങ്ങൽ എന്നീ ബൈപ്പാസുകളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

ഹിൽ ഹൈവേ നിർമ്മാണം

150 [1388] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നിർദ്ദിഷ്ട ഹിൽഹൈവേ ഏതൊക്കെ ഘട്ടങ്ങളായാണ് നിർമ്മിക്കാനുദ്ദേശിക്കുന്നതെന്നും അവയോരോന്നിന്റെയും അടങ്കൽ എത്രയാണെന്നും ഹിൽഹൈവേ നിർമ്മാണത്തിന് എന്ത് തുകയാണ് 2005-06-ലെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കാമോ;

(ബി) ജനുവരി 14-ന് ഉദ്ഘാടനം ചെയ്ത ആദ്യഘട്ട പദ്ധതിയിൽ ഏതൊക്കെ പ്രവർത്തികൾ ഉൾക്കൊള്ളുന്നുവെന്നും ഇവയ്ക്കോരോന്നിനും എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തിൽ ഹിൽഹൈവേ രണ്ടു ഘട്ടങ്ങളായാണ് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ കണ്ണൂർ ജില്ലയിലെ പുറഞ്ഞാൻ ചെംപേരി-പൂപ്പറമ്പ-പയ്യാവൂർ റോഡിന്റെ 0/0 മുതൽ 10/450 വരെയുള്ള പണിക്കും വെമ്പുവ പാലത്തിനുമായി 345 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട് . ഹിൽഹൈവേക്ക് മൊത്തമായി തുകയൊന്നും വകയിരുത്തിയിട്ടില്ല.

(ബി) ഒന്നാംഘട്ട പണിക്കായി താഴെപ്പറയുന്ന നാല് പാർട്ട് ആയി സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിച്ചിരിക്കുകയാണ്.

(1) പുറഞ്ഞാൽ ചെംപേരി 0/0 മുതൽ 2/250 വരെ 60 ലക്ഷം.

(2) ചെംപേരി-പാലിപ്പറമ്പ-പൂപ്പറമ്പ കി.മീ. 2/250 മുതൽ 5/950 വരെ 80 ലക്ഷം.

(3) പൂപ്പറമ്പ-വെമ്പുവ-പയ്യാവൂർ റോഡ് കി. മീ. 5/950 മുതൽ 9/450 വരെ 90 ലക്ഷം.

(4) പയ്യാവൂർ ടൗൺ പോർഷൻ കി. മീ. 9/450 മുതൽ 10/0 വരെ 60 ലക്ഷം. പ്രസ്തുത പണിക്കായി 2005-06 വർഷത്തെ ബഡ്ജറ്റിൽ 50,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

വളാഞ്ചേരി-അങ്ങാടിപ്പുറം-പെരിന്തൽമണ്ണ-വണ്ടൂർ-നിലമ്പൂർ സ്റ്റേറ്റ് ഹൈവേ

151 [1390] ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :

,, പി. കെ. കെ. ബാവ :

,, കെ. എൻ. എ. ഖാദർ :

,, പി. കെ. അബ്ദുറബ്ബ് :

,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വളാഞ്ചേരി-അങ്ങാടിപ്പുറം-പെരിന്തൽമണ്ണ-പാണ്ടിക്കാട്-വണ്ടൂർ-നിലമ്പൂർ എം. ഡി. ആർ. റോഡിനെ സ്റ്റേറ്റ് ഹൈവേയായി അപ്ഗ്രേഡ് ചെയ്യുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ കാര്യത്തിൽ കാലതാമസമുണ്ടായതിനുള്ള കാരണം വെളിപ്പെടുത്തുമോ ;

(സി) മേൽപ്പറഞ്ഞ റോഡ് 2004-05 സാമ്പത്തിക വർഷം തന്നെ സ്റ്റേറ്റ് ഹൈവേയായി അപ്ഗ്രേഡ് ചെയ്തുകൊണ്ടുള്ള ഉത്തരവു നൽകാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly